ഉത്തരം

(എ) സംസ്ഥാനത്ത് പൂർണ്ണമായും കംപ്യൂട്ടർവൽക്കരണം നടത്തിയ ജില്ലാ സഹകരണ ബാങ്കുകൾ ഇല്ല.

(ബി) 14 ജില്ലാ സഹകരണ ബാങ്കുകളിലും ഭാഗികമായി കംപ്യൂട്ടർ വൽക്കരണം നടത്തിയിട്ടുണ്ട്.

(സി) ജില്ലാ സഹകരണ ബാങ്കുകളിലൊന്നും എ. ടി. എം. സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

(ഡി) പ്രസക്തമല്ല.

(ഇ) 725.

സഹകരണ യൂണിയൻ മാനേജിംഗ് കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പ്

103 [543] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയന്റേയും സർക്കിൾ സഹകരണ യൂണിയന്റേയും മാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഹൈക്കോടതി വിധിയിലൂടെ കാലാവധി നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) കോടതി വിധി എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) കോടതി വിധിക്കു ശേഷം തെരഞ്ഞെടുപ്പിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) തെരഞ്ഞെടുപ്പ് നടത്താൻ കോടതി നിർദ്ദേശിച്ച മാനേജിംഗ് കമ്മിറ്റിയുടെ ഘടന മാറ്റുന്നതിന് കോടതി വിധിക്കുശേഷം സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അടിയന്തിര സാഹചര്യം എന്തായിരുന്നു?

ഉത്തരം

(എ) നിർണ്ണയിച്ചിട്ടുണ്ട്. ഒ.പി. 20161/02-ന് മേൽ 9-10-2003-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ കോടതി വിധി കൈപ്പറ്റി മൂന്നു മാസത്തിനകം സംസ്ഥാന സഹകരണ യൂണിയന്റെ തെരഞ്ഞെടുപ്പ് നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദമാക്കാം. സംസ്ഥാന സഹകരണ യൂണിയന്റെ ജനറൽ ബോഡിയിൽ സർക്കിൾ സഹകരണ യൂണിയന്റെ പ്രതിനിധികൾ കൂടി ഉൾപ്പെടുന്നതാകയാൽ കേരള സഹകരണ നിയമം വകുപ്പ് 88 (എ) പ്രകാരം നിയമിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ ഭരണസ്തംഭനം ഒഴിവാക്കാൻ നിയമിക്കപ്പെട്ട ഓഫീസർക്കോ സംസ്ഥാന സഹകരണ യൂണിയനിലേക്ക് പ്രതിനിധികളെ അയയ്ക്കാമെന്നും അപ്രകാരം സംസ്ഥാന സഹകരണ യൂണിയൻ വിധി പകർപ്പ് കൈപ്പറ്റി മൂന്ന് മാസത്തിനകം തെരഞ്ഞെടുപ്പ് നടത്തണമെന്നുമാണ് ഹൈക്കോടതി വിധി.

(സി) സംസ്ഥാന സഹകരണ യൂണിയൻ മാനേജിംഗ് കമ്മിറ്റിയുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 8-12-2003-ലെ പി.റ്റി. (1) 50577/2003 നമ്പർ ഉത്തരവ് പ്രകാരം വരണാധികാരിയെ നിയമിക്കുകയും തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) തെരഞ്ഞെടുപ്പ് നടത്താൻ കോടതി നിർദ്ദേശിച്ച മാനേജിംഗ് കമ്മിറ്റിയുടെ ഘടന മാറ്റുന്നതിന് കോടതി വിധിക്കുശേഷം സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ സർക്കിൾ സഹകരണ യൂണിയനുകളുടെ മാനേജിംഗ് കമ്മിറ്റിയിൽ, നിലവിൽ സഹകരണ രംഗത്തുള്ള എല്ലാ മേഖലകൾക്കും പ്രാതിനിധ്യം ഇല്ലാത്തതിനാൽ ആയത് പരിഹരിക്കുന്നതിന് ഡയറി, ഫിഷറീസ്, വ്യവസായം തുടങ്ങിയ മേഖലകളിലുള്ള സഹകാരികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സഹകരണ യൂണിയന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പരിയാരം അക്കാദമി ഓഫ് മെഡിക്കൽ സയൻസിന്റെയും ആശുപത്രി സൊസൈറ്റിയുടേയും പ്രവർത്തനം

104 [544] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരത്തെ അക്കാദമി ഓഫ് മെഡിക്കൽ സയൻസും അനുബന്ധിച്ചുള്ള ആശുപത്രി സൊസൈറ്റിയും അവയുടെ ഭരണ നിർവ്വഹണം ഗവൺമെന്റിൽ നിന്നും ഒഴിവായതിനു ശേഷം ആസ്തി-ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ സ്ഥാപനങ്ങൾ ഓരോന്നിനും ഏറ്റവും ഒടുവിലത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി-ബാദ്ധ്യതകളെ സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly